# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/253/2017 2017 നവംബർ 30

## പത്രക്കുറിപ്പ്

### പരീക്ഷകൾ മാറ്റി

നബിദിനം പ്രമാണിച്ച് മഹാത്മാഗാന്ധി സർവ്വകലാശാല ഇന്ന് (ഡിസംബർ 1) നടത്താൻ നിശ്ചയിച്ചിരുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്.

### പുതുക്കിയ പരീക്ഷാ തീയതി

നവംബർ 24ന് നടത്താൻ നിശ്ചയിച്ചിരുന്ന അഞ്ചാം സെമസ്റ്റർ ബി.ടെക് (പുതിയ സ്കീമും പഴയ സ്കീമും) ഡിഗ്രി പരീക്ഷകൾ ഡിസംബർ 15ന് ഉച്ചയ്ക്ക് 2 മുതൽ 5 വരെ നടത്താൻ പുതുക്കി നിശ്ചയിച്ചു.

### അപേക്ഷാ തീയതി

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ ഒന്നാം സെമസ്റ്റർ എം.ഫിൽ (സി.എസ്.എസ്.) എക്സ്റ്റേണൽ പരീക്ഷ ഡിസംബർ 13ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഡിസംബർ 6 വരെയും 50 രൂപ പിഴയോടെ 8 വരെയും സ്വീകരിക്കും.

### പ്രാക്ടിക്കൽ പരീക്ഷ

2017 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.എസ്.സി. ഇലക്ട്രോണിക്സ് (സി.ബി.സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) കമ്പ്യൂട്ടർ മെയിന്റനൻസ് & ഇലക്ട്രോണിക്സ് പ്രാക്ടിക്കൽ പരീക്ഷകൾ ഡിസംബർ 6, 7 തീയതികളിൽ അതാത് കോളേജുകളിൽവച്ച് നടത്തും.

2017 ഒക്ടോബറിൽ നടന്ന അഞ്ചാം സെമസ്റ്റർ ബി.എസ്.സി. ഇലക്ട്രോണിക്സ് (സി.ബി.സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) കമ്മ്യൂണിക്കേഷൻ ലാബ് പരീക്ഷ ഡിസംബർ 14, 15 തീയതികളിലും മൈക്രോ കൺട്രോളർ ലാബ് പരീക്ഷ 18, 19 തീയതികളിലും, അതാത് കോളേജുകളിൽവച്ചും അഞ്ചാം സെമസ്റ്റർ ബി.എസ്.സി. (സി.ബി.സി.എസ്.എസ്.) കമ്പ്യൂട്ടർ മെയിന്റനൻസ് ആന്റ് ഇലക്ട്രോണിക്സ് (റഗുലർ/സപ്ലിമെന്ററി) പ്രാക്ടിക്കൽ പരീക്ഷ ഡിസംബർ 15ന് ആലുവ യു.സി. കോളേജിൽവച്ചും നടത്തും.

### മേഴ്സി ചാൻസ് പരീക്ഷ

രണ്ടാം വർഷ പ്രൊഫഷണൽ ബി.എ.എം.എസ്. രണ്ടാം മേഴ്സി ചാൻസ് പരീക്ഷയ്ക്ക് പിഴ കൂടാതെ ഡിസംബർ 11 വരെയും 50 രൂപ പിഴയോടെ 12 വരെയും 500 രൂപ സൂപ്പർഫൈനോടെ 15 വരെയും അപേക്ഷിക്കാം. അപേക്ഷകർ 7000 രൂപ സ്പെഷ്യൽ ഫീസായി പരീക്ഷാഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം.

### പരീക്ഷാഫലം

2017 ജൂണിൽ നടന്ന മൂന്നാം സെമസ്റ്റർ എൽ.എൽ.ബി. (ത്രിവത്സരം - റഗുലർ & സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 12 വരെ അപേക്ഷിക്കാം.

2017 മെയ് മാസത്തിൽ നടന്ന നാലാം സെമസ്റ്റർ എം.എ. ഇക്കണോമിക്സ് (സി.എസ്.എ സ്. - റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യ നിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 13 വരെ അപേക്ഷിക്കാം. പാലാ സെന്റ് തോമസ് കോളേജിലെ ഡയാന ജോസഫ്, ഷെറിൻ ജോർജ്, മൂവാറ്റുപുഴ നിർമ്മല കോളേജിലെ മെറിൻ എബ്രഹാം എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

2017 ഏപ്രിൽ/മെയ് മാസങ്ങളിൽ നടന്ന ബി.കോം ഓഫ് കാമ്പസ് സപ്ലിമെന്ററി പാർട്ട് 1 ഇം ഗ്ലീഷ്, പാർട്ട് 2 മോഡേൺ ലാംഗ്വേജ്, പാർട്ട് 3 (സപ്ലിമെന്ററി/മേഴ്സി ചാൻസ്)(ആന്വൽ സ്കീം) പ രീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 12 വരെ അപേക്ഷിക്കാം.

**ഉത്തരക്കടലാസ്**

2017 മെയ് മാസത്തിൽ നടന്ന മൂന്നും നാലും സെമസ്റ്റർ (പ്രൈവറ്റ്) കോമൺ കോഴ്സുകളു ടെയും മൂന്നാം സെമസ്റ്റർ ബി.കോം കോർ കോഴ്സുകളുടെയും ഉത്തരക്കടലാസുകളുടെ മൂല്യനിർ ണ്ണയത്തിനായി കോട്ടയം സോണിൽ നിയോഗിക്കപ്പെട്ടിട്ടുള്ള അദ്ധ്യാപകർ ഉത്തരക്കടലാസുകൾ യൂണിവേഴ്സിറ്റി സിൽവർ ജൂബിലി പരീക്ഷാഭവൻ അനക്സിൽ നിന്നും ഡിസംബർ 6നകം കൈപ്പ റ്റേണ്ടതാണ്.

2017 നവംബർ/ഡിസംബർ മാസത്തിലെ ബി.ടെക് പരീക്ഷകളുടെ ഉത്തരക്കടലാസുകൾ എല്ലാ കോളേജുകളിൽ നിന്നും മൂന്നു തവണകളായി ഡിസംബർ 6നും 12നും 18നും യൂണിവേഴ് സിറ്റി ഓഫീസിൽ എത്തിക്കേണ്ടതാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**